വൺടൈം അസിസ്റ്റൻസ് നൽകുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി വ്യവസായ-സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി, ധന-എക്സൈസ് വകുപ്പുമന്ത്രി, കൃഷി-കയർ വകുപ്പുമന്ത്രി, ഊർജ്ജ വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നിവരടങ്ങുന്ന ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല. ബാധകമല്ല.

വികലാംഗ ക്ഷേമത്തിനും വികസനത്തിനുമായി നടപ്പാക്കിയ പദ്ധതികൾ

60 [2197] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വികലാംഗക്ഷേമത്തിനും വികസനത്തിനുമായി ഏതെല്ലാം പദ്ധതികൾ ബഡ്ജറ്റിലൂടെ പ്രഖ്യാപിക്കുകയുണ്ടായി;

(ബി) അവയിൽ ഏതൊക്കെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും അവയുടെ വിശദാംശവും വ്യക്തമാക്കുമോ;

(സി) സർക്കാർ നിശ്ചയിച്ച കാലപരിധിക്കുള്ളിൽ സർവ്വീസിലുണ്ടായിരുന്ന മുഴുവൻ വികലാംഗരേയും ജോലി ചെയ്ത ദിവസം പരിഗണിക്കാതെ സർവ്വീസിൽ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വികലാംഗർക്ക് ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. 2005-06-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 40 പഞ്ചായത്തുകളിലെ 40 സ്പെഷ്യൽ സ്കൂളുകൾക്ക് 5 ലക്ഷം രൂപാ വീതം ഗ്രാന്റ് നൽകുന്ന ഒരു പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഓരോ ബ്ലോക്കിലും സ്പെഷ്യൽ സ്കൂളുകൾ തുറന്ന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഈ സഹായം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(സി) കാലപരിധി കൂടാതെ സർവ്വീസിൽ ഉണ്ടായിരുന്ന മുഴുവൻ വികലാംഗരേയും ജോലി ചെയ്ത ദിവസം പരിഗണിക്കാതെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിന് ഇപ്പോൾ നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

നിർമ്മാണ തൊഴിലാളികളുടെ ക്ഷേമത്തിനായി പദ്ധതികൾ

61 [2198] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) നിർമ്മാണ തൊഴിലാളികളുടെ ക്ഷേമത്തിനായി ഏതൊക്കെ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ തൊഴിലാളികൾക്ക് വേണ്ടി ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് മുഖേന നിർമ്മാണ തൊഴിലാളികളുടെ ക്ഷേമത്തിനായി വിവിധ പെൻഷനുകളും, മരണാനന്തര ആനുകൂല്യം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, സ്കോളർഷിപ്പുകളും, ചികിൽസാ ധനസഹായം, എൻട്രൻസ് കോച്ചിംഗ് ധനസഹായം, ഭവന രഹിതർക്കുള്ള ഭവന പദ്ധതി തുടങ്ങിയ വിവിധ പദ്ധതികളും ആവിഷ്കരിച്ചു നടപ്പാക്കി വരുന്നുണ്ട്.

(ബി) ഉണ്ട്. ''നിർമ്മാൺ ഭവന പദ്ധതി'' എന്ന പേരിൽ ഒരു പുതിയ ഭവന നിർമ്മാണ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ തീരുമാനിക്കുകയും അതിന്റെ പ്രാരംഭമായി ക്ഷേമനിധി അംഗങ്ങളായ തൊഴിലാളികളിൽ നിന്നും അപേക്ഷകളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബോർഡിന്റെ നേരിട്ടുള്ള ഉത്തരവാദിത്വത്തിൽ 'ഹാബിറ്റാറ്റ്' മുഖാന്തിരം കുറഞ്ഞ ചെലവിൽ വീടുകളും നിർമ്മിച്ചു നൽകുവാനാണ് ഉദ്ദേശിക്കുന്നത്: ഇപ്രകാരം നിർമ്മിക്കാനുദ്ദേശിക്കുന്ന 290 ച.അടി വിസ്തീർണ്ണമുള്ള വീടിന് 95,500 രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. നിർമ്മാണ ചെലവിന്റെ പകുതി ബോർഡും പകുതി ഗുണഭോക്താവുമാണ് വഹിക്കേണ്ടത്.

2001 മുതൽ ഇതുവരെയുണ്ടായ തൊഴിലാളി പണിമുടക്കുകൾ

62 [2199] ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. ലൂഡി ലൂയിസ്:
,, പി. ജെ. ജോയി:
,, ഇ. എം. അഗസ്തി:
ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മുതൽ ഇതുവരെ സംസ്ഥാനത്ത് എത്ര തൊഴിലാളി പണിമുടക്കുകൾ ഉണ്ടായിട്ടുണ്ട്;

(ബി) ഇവയുടെ ഫലമായി എത്ര തൊഴിൽ ദിനങ്ങൾ നഷ്ടമായി;

(സി) 1996 മുതൽ 2001 വരെ എത്ര പണിമുടക്ക് ഉണ്ടായിട്ടുണ്ട്;

(ഡി) അതിന്റെ ഫലമായി എത്ര തൊഴിൽ ദിനങ്ങൾ നഷ്ടമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001 ജനുവരി മുതൽ 2005 മാർച്ചുവരെ 52 തൊഴിലാളി പണിമുടക്കുകൾ ഉണ്ടായിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) 89 പണിമുടക്കുകൾ ഉണ്ടായിട്ടുണ്ട്.

(ഡി) 28,73,519 തൊഴിൽ ദിനങ്ങൾ നഷ്ടമായിട്ടുണ്ട്:

ആശ്രിതനിയമനവും മറ്റാനുകൂല്യവിതരണവും

63 [2200] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES.Kerala Legislative Assembly